**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3543** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 18643 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി പട്ടയ നടപടികൾ മുഴുവൻ പൂർത്തിയാക്കി വിതരണം നടത്തുന്നതിന് വേണ്ടി എത്ര പട്ടയങ്ങൾ തയ്യാറായിട്ടുണ്ടെന്ന് വിശദമാക്കാമോ; വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; ഈ പട്ടയങ്ങൾ എത്ര കാലയളവിനുള്ളിൽ വിതരണം നടത്തുമെന്ന് അറിയിക്കുമോ; | (ബി) | ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി 367 അപേക്ഷകളിൽ പതിവ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമനമ്പർ | താലൂക്ക് | വില്ലേജ് | നടപടി പൂർത്തീകരിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ഉടുമ്പൻചോല | ഇരട്ടയാർ | 9 |
| 2 | | അണക്കര | 31 |
| 3 | | ആനവിലാസം | 15 |
| 4 | | കരുണാപുരം | 15 |
| 5 | | വണ്ടൻമേട് | 8 |
| 6 | | ചക്കുപള്ളം | 12 |
| 7 | | ചതുരംഗപ്പാറ | 1 |
| 8 | | കാന്തിപ്പാറ | 44 |
| 9 | | ഉടുംമ്പൻചോല | 15 |
| 10 | | പാറത്തോട് | 14 |
| 11 | | കൽകുന്തൽ | 39 |
| 12 | | രാജകുമാരി | 5 |
| 13 | | പൂപ്പാറ | 2 |
| 14 | | രാജാക്കാട് | 63 |
| 15 | | ശാന്തൻപാറ | 6 |
| 16 | ദേവികുളം | ബൈസൺവാലി | 16 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>17</td><td></td><td>വെള്ളത്തൂവൽ</td><td>2</td></tr>
<tr><td>18</td><td></td><td>വട്ടവട</td><td>1</td></tr>
<tr><td>19</td><td></td><td>കഞ്ചിത്തണ്ണി</td><td>64</td></tr>
<tr><td>20</td><td></td><td>കാന്തല്ലൂർ</td><td>5</td></tr>
<tr><td></td><td></td><td>ആകെ</td><td>367</td></tr>
</table>
ബഹു സുപ്രീം കോടതിയിലെ WPC 202/1995 നമ്പർ കേസിലെ 24.10.2024 ലെ വിധി ന്യായം പ്രകാരം സി.എച്ച് ആർ മേഖലയിലെ പട്ടയ വിതരണവും ബഹു കേരളാ ഹൈക്കോടതിയിലെ WPC 1801/2010 നമ്പർ കേസിലെ 10.01.2024 ലെ വിധി ന്യായ പ്രകാരം ജില്ലയിലെ 1964 ചട്ടങ്ങൾ പ്രകാരമുള്ള കൈവശഭൂമിയുടെ പട്ടയ വിതരണവും തടസ്സപ്പെട്ടിരിക്കുകയാണ്. 10.01.2024 തീയതിയിലെ ഇടക്കാല ഉത്തരവു മൂലമുള്ള സ്റ്റേ ഒഴിവാക്കുന്നതിന് അഫിഡാവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് , ടി അപേക്ഷകളിൽ ബഹു കോടതിയുടെ തുടർ ഉത്തരവുകൾക്ക് വിധേയമായി പട്ടയ വിതരണം നടത്തുന്നതാണ്.
</td></tr>
<tr><td>(സി)</td><td>ദേവികുളം താലൂക്കിൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ച് വിശദമാക്കാമോ?</td><td>(സി)</td><td>ദേവികുളം താലൂക്കിൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി 11834 അപേക്ഷകൾ തുടർനടപടികൾക്കായി ശേഷിക്കുന്നുണ്ട് . ടി അപേക്ഷകളിൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ